## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3044 — 10-03-2017 -ൽ മറുപടിക്ക്

### വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോർജ് എം. തോമസ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| | വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായുള്ള സർക്കാർ പ്രവർത്തനങ്ങൾ ഏതെല്ലാം വകുപ്പുകളിലൂടെ, എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | 31.10.2016-ലെ 42830/കെ.3/2016/ഡി.എം.ഡി. നമ്പർ പരിപത്രം പ്രകാരം 26 ഇന വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ജില്ലയിലെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി നടപ്പാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ അവലോകനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31.05.2017 വരെ മോറട്ടോറിയം പ്രഖ്യാപിച്ചു. വരൾച്ചയുടെ കാഠിന്യം മൂലം വന്യ മൃഗങ്ങളുടെ ആക്രമണം വർദ്ധിക്കുന്നത് ചെറുക്കുന്നതിനായി നടപടികൾ സ്വീകരിക്കുവാൻ വനം വകുപ്പിന് നിർദ്ദേശം നൽകുകയും ഇത് സംബന്ധിച്ച അവലോകന യോഗം ചേരുകയും ചെയ്തു. വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്ക് ഭൂഗർഭ ജലം വിനിയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും സ്വകാര്യ കുഴൽക്കിണർ നിർമ്മാണം 31.05.2017 വരെ നിയന്ത്രിക്കുന്നതിന് ഭൂജല വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ശുദ്ധജലവിതരണം നടത്തുന്നതിനുള്ള വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും GPS ഘടിപ്പിച്ച ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ജലവിതരണം നടത്തേണ്ട പ്രദേശങ്ങൾ തീരുമാനിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളുമായി ചേർന്ന് നടത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സ്ഥിരം ശുദ്ധജല സ്രോതസുകൾ മലിനീകരിക്കുന്നത് തടയുന്നതിന് പോലീസ്, റവന്യൂ ജല അതോറിറ്റി എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ പരിശോധനാ ടീമിനെ നിയമിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ നാശനഷ്ടം വിലയിരുത്തി ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആശ്വാസം നൽകുവാൻ കൃഷി വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രാപ്തിക്ക് അതീതമായി വരൾച്ചാ സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും അധിക ധനസഹായം ലഭ്യമാക്കുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നുള്ള വരൾച്ച മൂലമുള്ള നാശനഷ്ടത്തിന്റെ വിവരം സമാഹരിച്ച് വരൾച്ച സംബന്ധിച്ച മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ